# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നമ്പർ T 2683

10.07.2015 -ലെ
മറുപടിക്ക്

### കേന്ദ്രസർക്കാർ പദ്ധതികൾ പ്രയോജനപ്പെടുത്തുന്നതിനുള്ള കർമ്മ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ടി.എൻ. പ്രതാപൻ<br>ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. പി.സി.വിഷ്ണുനാഥ്<br>ശ്രീ. അൻവർ സാദത്ത് | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| എ) കേന്ദ്രസർക്കാർ പദ്ധതികൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ഭരണതലത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | എ) പദ്ധതികൾക്ക് നീക്കിവച്ചിട്ടുള്ള കേന്ദ്രവിഹിതം മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് യഥാസമയം ചെലവഴിക്കുന്നതിന് വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ബി) അതിനായി ചീഫ് സെക്രട്ടറി വകുപ്പ് സെക്രട്ടറിമാർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ; എങ്കിൽ പ്രസ്തുത നിർദ്ദേശങ്ങളുടെ ഉള്ളടക്കം വിശദമാക്കുമോ ; | ബി) ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ എല്ലാ മാസവും നടത്തുന്ന സെക്രട്ടറിമാരുടെ യോഗത്തിൽ പദ്ധതി നടത്തിപ്പ് അവലോകനം നടത്തുകയും നിർവ്വഹണം കാര്യക്ഷമമായി നടത്തുന്നതിനും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ യഥാസമയം നൽകുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | ഇത് മോണിറ്റർ ചെയ്യുവാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ? | സി) | കേന്ദ്രസർക്കാർ കൈമാറുന്ന ഫണ്ടുകളുടെ വിനിയോഗം കാര്യക്ഷമമായി പരിശോധിക്കുന്നതിലേയ്ക്കായി വകുപ്പുതല അവലോകനം, ധനകാര്യ വകുപ്പിന്റെ പരിശോധന, അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്, എന്നീ സംവിധാനങ്ങൾ നിലവിലുണ്ട്. പദ്ധതികൾക്ക് സമയബന്ധിതമായി ഭരണാനുമതി നൽകുന്നതിനും പദ്ധതി നടത്തിപ്പിൽ ഉണ്ടാകുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും മാസം തോറുമുള്ള സാമ്പത്തികപുരോഗതി വിലയിരുത്തുന്നതിനും മറ്റു വകുപ്പുകളുമായുള്ള സംയോജനത്തിനും മറ്റുമായി സാമ്പത്തിക ആസൂത്രണ കാര്യ വകുപ്പിൽ പ്രത്യേക സംവിധാനം (ഓൺലൈൻ പദ്ധതി നിരീക്ഷണ സംവിധാനമായ പ്ലാൻസ്പേസ്) നിലവിലുണ്ട്. |

Bijumon

സെക്ഷൻ ഓഫീസർ